"ഭരണഭാഷ - മാതൃഭാഷ"

**File No:** DGE/10483/2022-H2.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 22/07/2022

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-സഹായിതം-2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ച അധ്യാപർക്കും/അനധ്യാപകർക്കും സംരക്ഷണാനുകൂല്യം സംബന്ധിച്ച്

സൂചന :-
1. 14.7.2022 ലെ സ.ഉ. (പി) നം. 8/2022/പൊ.വി.വ.
2. 29.1.2016 ലെ സ.ഉ. (പി) നം. 29/2016/പൊ.വി.വ.
3. 22.4.2021 ലെ കത്ത് നം. എച്ച്2/19500/2019/ഡി.ജി.ഇ.
4. 29.3.2021 ലെ സർക്കാർ കത്ത് നം. ജെ2/186/2018/പൊ.വി.വ.

2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ച് പിന്നീട് തസ്തിക നഷ്ടപ്പെട്ട് പുറത്തായ ജീവനക്കാരുടെ വിവരങ്ങൾ സൂചന (3) ശേഖരിച്ചിരുന്നു. ടി. അധ്യാപകരിൽ നിന്നും സൂചന (1) സർക്കാർ ഉത്തരവിൽ പറയുന്ന സത്യവാങ്മൂലം (ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന മാതൃകയിൽ) 200 രൂപയുടെ മുദ്രപത്രത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയത് വിദ്യാഭ്യാസ ഓഫീസർമാർ ശേഖരിച്ച് റിപ്പോർട്ട് സഹിതം 23.7.2022 നകം വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിൽ ഏതെങ്കിലും അധ്യാപകർ സത്യവാങ്മൂലം നല്കാതിരിക്കുകയോ, സ്ഥലത്ത് ഇല്ലാതാകുകയോ ചെയ്താൽ ടി. വിവരങ്ങൾ കൂടി റിപ്പോർട്ടിൽ ചേർക്കേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സത്യവാങ്മൂലം സഹിതം പ്രത്യേക ദൂതൻ മുഖാന്തരം 26.7.2022 ന് വൈകിട്ട് 5 മണിക്ക് മുൻപായി ഡയറക്ടറേറ്റിലെ എച്ച് സെക്ഷനിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

Signature Not Verified
Digitally signed by SANTHOSH C A
Date: 2022.07.22 17:22:28 IST
Reason: Approved
Location: ERNAKULAM

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

## സമ്മതപത്രം

**സ.ഉ നമ്പർ (അച്ചടി) നം. 8/2022/പോ.വി.വ തിയ്യതി 14.07.2022**

(200/-രൂപയുൽ കുറയാത്ത മുദ്രപത്രത്തിൽ)

1) ...................................... ജില്ലയിൽ ................................................. ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിൽ വരുന്ന ...................................................... സ്കൂളിലെ ശ്രീ/ശ്രീമതി ........................................................................................................................................................................ (പൂർണ്ണമായ പേര്, ഔദ്യോഗീക വിലാസം, പെൻ നമ്പർ സഹിതം) എന്ന ഞാൻ സർക്കാരിനു മുമ്പാകെ സമർപ്പിക്കുന്ന സത്യവാങ്മൂലം.

2) 14.7.2022 ലെ സ .ഉ. (അച്ചടി) നം. 8/2022/പോ.വി.വ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസം ലഭിക്കുന്ന തീയതി മുതൽ മാത്രമേ എനിക്ക് ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഞാൻ അംഗീകരിക്കുന്നു.

3) തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവ് യാതൊരു വിധ സർവീസ് ആനുകൂല്യങ്ങൾക്കുമായി ഞാൻ അവകാശവാദം ഉന്നയിക്കുകയില്ല എന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

4) കെ.എസ്.ആർ ഭാഗം III ചട്ടം 31 (a) പ്രകാരം തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല. മേൽ വ്യവസ്ഥ പ്രകാരം, തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് എന്റെ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന ഉത്തമമായ ബോധ്യമുണ്ട് . ആയതും ഞാൻ ഇതിനാൽ അംഗീകരിക്കുന്നു.

5) ഞാൻ തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് 20.6.2022 ലെ സ.ഉ. (പി) നം. 7/2022/പൊ.വി.വ. യിലെ വ്യവസ്ഥകൾ പ്രകാരം 'Non Duty' ആയി ക്രമീകരിക്കുന്നതാണെന്ന് എന്ന് ഉത്തമമായ ബോധ്യയമുണ്ട്. ആയതും ഞാൻ ഇതിനാൽ അംഗീകരിക്കുന്നു.

ഒപ്പ്:

പേര്:

പെൻ:

ഔദ്യോഗീക വിലാസം:

/നോട്ടറി സാക്ഷ്യപ്പെടുത്തി ഒപ്പ് വെക്കണം/